**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**നമ്പർ: 212/2024**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളി കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്‌വ്!

പ്രിയരെ,
നമ്മുടെ സഭയുടെ സിരാകേന്ദ്രം വൈദിക സെമിനാരികളാണ്. ദൈവത്തിന്റെ അളവറ്റ കൃപയാലും നമ്മുടെ വിശ്വാസികളുടെ ഹൃദയപൂർവ്വമായ സഹായങ്ങളാലും രണ്ടു സെമിനാരികളും അഭിവൃദ്ധിപ്പെടുന്നതിൽ ദൈവത്തെ സ്തുതിക്കാം. ഇന്നും പല യുവാക്കളും വൈദിക ശുശ്രൂഷയ്ക്ക് താല്പര്യം ഉള്ളവരായിട്ടുണ്ട്. എന്നാൽ ആഴമേറിയ ദൈവാശ്രയമുള്ള വിദ്യാർത്ഥികളെ തുടർന്നും കണ്ടെത്തി നല്ല വേദപരിശീലനം നൽകേണ്ടിയിരിക്കുന്നു.

കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ ബി. ഡി. ഡിഗ്രിക്ക് 88 വിദ്യാർത്ഥികളും നാഗ്പൂർ സെന്റ് തോമസ് സെമിനാരിയിൽ 52 വിദ്യാർത്ഥികളും ഉണ്ട്. ഇതുകൂടാതെ ഓർത്തഡോക്സ് സെമിനാരിയിൽ മാസ്റ്റർ ഡിഗ്രിക്കും, ഡോക്ടറേറ്റിനും ഇതര സഭകളിൽ നിന്നുള്ളവർ ഉൾപ്പെടെ 24 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ പണിയുടെ പ്രാരംഭ നടപടികളിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്കിൽ ഓൺലൈൻ സംഗീത പരിശീലനവും, സുറിയാനി ഭാഷാ പഠനവും, ശബ്ദ നിയന്ത്രണ പരിശീലനവും വിജയകരമായി നടത്തുന്നു. പ്രത്യാശാ കൗൺസലിംഗ് സെന്ററിൽ ഉന്നത നിലവാരത്തിലുള്ള കൗൺസലിംഗ് കോഴ്സും ഉണ്ട്. ദിവ്യബോധനം പഠനപദ്ധതി വിജയകരമായി മുന്നേറുന്നു. ഇപ്പോൾ മാസ്റ്റർ ഡിഗ്രി കോഴ്സിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. നാഗ്പൂർ സെമിനാരി അത്മായർക്കായി ആരംഭിച്ച ഓൺലൈൻ കോഴ്സായ *സത്യജ്യോതി* ഭംഗിയായി തുടരുന്നു. ഓർത്തഡോക്സ് സെമിനാരി ലൈബ്രറി ഉൾപ്പെടെയുള്ള പല കെട്ടിടങ്ങൾക്കും അറ്റകുറ്റപ്പണികൾ അനിവാര്യമാണ്.

ഈ വർഷം ഒക്ടോബർ 6 ഞായറാഴ്ചയാണ് സെമിനാരിദിനം. അന്നേദിവസം എല്ലാ പള്ളികളിലും വി. കുർബ്ബാനമദ്ധ്യേ സെമിനാരികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും, അന്നത്തെ സെമിനാരിദിന കവർ പിരിവിലും സ്തോത്രകാഴ്ചയിലും എല്ലാവരും സഹകരിക്കുകയും വേണം. ഒക്ടോബർ 6-ന് വി. കുർബ്ബാനയില്ലാത്ത പള്ളികളിൽ, തൊട്ടടുത്ത് വി. കുർബ്ബാനയുള്ള പൊതു ആരാധനാദിവസം സെമിനാരികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും സെമിനാരികൾക്ക് സാമ്പത്തിക പിന്തുണ നൽകുകയും വേണം. വൈദിക സെമിനാരി വിദ്യാഭ്യാസം മുടക്കം കൂടാതെ നിർവ്വഹിക്കേണ്ടത് പരിശുദ്ധ സഭയുടെ നിലനിൽപ്പിന് അനിവാര്യമാണ്. സന്മനസ്സുള്ളവർ അവരുടെ ദശാംശത്തിൽ നിന്ന് ഓരോ വർഷവും 1000 രൂപ വീതം നൽകി *സെമിനാരി സുഹൃത്തുക്കൾ* (Seminary Friends) ആകണം. ആയതിനാൽ സാധ്യമായ എല്ലാ സാമ്പത്തിക പിന്തുണകളും വൈദിക സെമിനാരികൾക്ക് നൽകി സഹായിക്കണമെന്ന് നാം നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. കവർ പിരിവും സെമിനാരിദിന കാണിക്കയും പ്രത്യേക സംഭാവനയും ചേർത്ത് ***പ്രിൻസിപ്പാൾ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പി. ബി. 98, കോട്ടയം-1, കേരള, 686001*** എന്ന വിലാസത്തിൽ 2024 നവംബർ 30 നു മുമ്പായി അയച്ചുകൊടുക്കണം. സെമിനാരി ദിനത്തിൽ ലഭിക്കുന്ന തുക ആനുപാതികമായി നാഗ്പൂർ സെമിനാരിക്കും വീതിച്ചു നൽകുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

2024 ഓഗസ്റ്റ് മാസം 07-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**